## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.140 | | 05.02.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **അമൃത് പദ്ധതി** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**,, പി.കെ.അബ്ദു റബ്ബ്**<br>**,, പി.ഉബൈദുള്ള**<br>**,, പാറക്കൽ അബ്ദുല്ല** | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** | |
| (എ) | നഗരവികസനത്തിനായി കേന്ദ്ര സർക്കാരിന്റെ **അമൃത്** പദ്ധതിയിൽ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (എ) | 2357.66 കോടി രൂപയുടെ 1026 പദ്ധതികളാണ് നടപ്പിലാക്കുന്നത്. |
| (ബി) | എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് കരാർ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 1463.68 കോടി രൂപയുടെ 864 പ്രവൃത്തികൾക്ക് കരാർ നൽകിയിട്ടുണ്ട്. |
| (സി) | ഇനിയും എത്ര കോടി രൂപയുടെ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനുണ്ട്; | (സി) | 893.98 കോടി രൂപയുടെ 162 പ്രവൃത്തികളുടെ ടെന്റർ നടപടികൾ പൂർത്തികരിക്കാനുണ്ട്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ഡി) | കേന്ദ്രസഹായം നഷ്ടപ്പെടാതെ കാലാവധിക്കുള്ളിൽ പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | അമൃത് പദ്ധതി നിർവ്വഹണം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിംഗിനെ ശക്തിപ്പെടുത്തുന്നതിനായി പദ്ധതി നടപ്പിലാക്കുന്ന 6 കോർപറേഷനുകളിലും 3 മുൻസിപ്പാലിറ്റികളിലും എഞ്ചിനീയർമാരെയും ഓവർസിയർമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല സാങ്കേതിക സമിതി (State Level Technical Committee) യും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന തല ഉന്നതാധികാര സമിതി (State Level High Powered Steering Committee) യും പ്രവർത്തിക്കുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു. അംഗീകാരം ലഭിച്ചിട്ടുള്ള പദ്ധതികളെല്ലാം തന്നെ കേന്ദ്രസഹായം നഷ്ടപ്പെടാതെ 2020 ജനുവരി മാസത്തോടെ പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2020 മാർച്ച് വരെയാണ് അമൃത് മിഷൻ കാലയളവ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

# Tendering Pendency Details as on 30.01.2019

| Sector | AS not Issued (DPR not Prepared) | | AS issued but TS Pending | | TS Issued but Tendering Pending | | Tendered / Retendered | | Total | |
|---|---|---|---|---|---|---|---|---|---|---|
| | Num | Amt in Cr | Num | Amt in Cr | Num | Amt in Cr | Num | Amt in Cr | Num | AMT in Cr |
| Water Supply | 0 | 0 | 9 | 48.11 | 5 | 10.23 | 15 | 94.37 | 29 | 152.71 |
| Sewerage | 5 | 124.80 | 7 | 252.24 | 12 | 76.6 | 69 | 146.65 | 93 | 600.29 |
| SWD | 0 | 0 | 0 | 31.32 | 0 | 0 | 11 | 19.91 | 11 | 51.23 |
| UT | 0 | 0 | 2 | 18.8 | 1 | 11.57 | 16 | 46.25 | 19 | 76.62 |
| Parks | 0 | 0 | 0 | 1.66 | 4 | 8.03 | 6 | 3.44 | 10 | 13.13 |
| **Total** | **5** | **124.80** | **18** | **352.13** | **22** | **106.43** | **117** | **310.62** | **162** | **893.98** |

സെക്ഷൻ ഓഫീസർ